മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ വക തടികൾ മുറിച്ചുമാറ്റിയ സംഭവം

110(2908) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽപ്പെട്ട മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ വക പുല്ലകയാർ പുറംമ്പോക്കിൽനിന്നും അനധികൃതമായി ആരെങ്കിലും തടികൾ മുറിച്ചു മാറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പുറംമ്പോക്കിൽനിന്നും ഇലവുമരം മുറിച്ചു മാറ്റിയത് സംബന്ധിച്ച് പഞ്ചായത്ത് പോലീസിൽ പരാതി കൊടുത്തിട്ടുണ്ടോ; പുറംമ്പോക്ക് ഭൂമിയിൽനിന്നും ഇലവുമരം മുറിച്ചു എന്ന് ജില്ലാ സർവ്വേ സൂപ്രണ്ട് അളന്നു തിട്ടപ്പെടുത്തുകയും കളക്ടർ ഇതിൻമേൽ നടപടി സ്വീകരിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ;

(സി) പോലീസ് ഇതിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ആരാണ് പ്രതികൾ; തടികൾ മുറിച്ചുമാറ്റിയത് ആരുടെ ചുമതലയിലാണ്; ഈകാര്യം സംബന്ധിച്ച് ടോമി കുരുവിള എന്ന ഒരാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ടോ; കോടതി വിധിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ഈ പുറംപോക്കിൽ നിന്നും എത്ര ആഞ്ഞിലിമരം വെട്ടിയിട്ടുണ്ട്; വെട്ടിയിട്ട ഇലവുമരം എവിടെയാണ്; വെട്ടിയിട്ട ആഞ്ഞിലിമരം എവിടെയാണ്; ഓരോ തടിയും എത്ര രൂപ വിലവരും;

(എഫ്) തടിവെട്ടു സംബന്ധമായി ഉദ്യോഗസ്ഥൻമാർ എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷിക്കുമോ;

(ജി) പുറംപോക്ക് അളന്നു തിട്ടപ്പെടുത്തിയ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ റിപ്പോർട്ട് കളക്ടർ അംഗീകരിക്കുകയും തടിവെട്ടിയവർക്കെതിരെ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടും എന്തുകൊണ്ടാണ് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നത് എന്നു വ്യക്തമാക്കുമോ; മോഷ്ടിക്കപ്പെട്ട തടികൾ തിരികെ ലഭിക്കാൻ ഉടൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) പോലീസിൽ പരാതി കൊടുത്തിട്ടുണ്ട്. പഞ്ചായത്തിനോട് നടപടി സ്വീകരിക്കാൻ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശ്രീ. എം.ടി. തോമസ്, മുല്ലപ്പള്ളി, മുറികല്ലുംപുറം, മുണ്ടക്കയം എന്നയാളാണ് പ്രതി. ഈ വ്യക്തിയുടെ ചുമതലയിലാണ് തടികൾ മുറിച്ചു മാറ്റിയത്. ഈ കാര്യം സംബന്ധിച്ച് ശ്രീ. ടോമി കുരുവിള എന്നയാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് ഒ.പി. നമ്പർ 13662/99 ബി എന്ന കേസ്സ് നിലവിലുണ്ട്. വിധി ആയിട്ടില്ല.

(ഇ) പുല്ലകയാർ തീരത്തുനിന്നും രണ്ട് ആഞ്ഞിലിമരം വെട്ടിയിട്ടുണ്ട്; മരങ്ങൾ നിന്നിരുന്ന സ്ഥലം പുറംപോക്ക് ആണോ എന്നു തിട്ടപ്പെടുത്തുന്നതിന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വെട്ടിയ ഇലവുമരം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.ടി. തോമസ്, മല്ലപ്പള്ളി, മുണ്ടക്കയം എന്നയാൾ കൊണ്ടുപോയതായി അറിയുന്നു. ഇതു സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു ആഞ്ഞിലിമരം ജോമി തോമസ്, കണ്ടത്തിൽ സെന്റ് തോമസ് പള്ളി ട്രസ്റ്റിയുടെ ചുമതലയിൽ ഏൽപ്പിച്ചത് പള്ളി കോമ്പൗണ്ടിലുണ്ട്. രണ്ടാമത്തെ തടി സ്ഥലത്തുനിന്ന് നീക്കരുതെന്ന ഹൈക്കോടതി ഉത്തരവുപ്രകാരം വെട്ടിയിട്ട സ്ഥലത്തുതന്നെ കിടക്കുകയാണ്. തടിയുടെ വില നിർണ്ണയിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(എഫ്) തടിവെട്ടു സംബന്ധമായി ഉദ്യോഗസ്ഥൻമാർ ക്രമക്കേടുകൾ നടത്തിയതായി അറിവിൽപ്പെട്ടിട്ടില്ല.

(ജി) ഈ കേസ്സിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ നിന്നും നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തടികൾ നീക്കം ചെയ്യുന്നത് നിരോധിക്കുകയും ശ്രീ. എം.ടി. തോമസിന്റെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മോഷ്ടിക്കപ്പെട്ട ഇലവുമരം സംബന്ധിച്ച് ഹൈക്കോടതിയുടെ അന്തിമതീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, മണിമലയാർ-പുല്ലകയാർ പുറംപോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിന് തഹസീൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കടകംപള്ളി ഗ്രാമപഞ്ചായത്തിൽ പാലമരം മുറിച്ച് മാറ്റുവാനുള്ള നിർദ്ദേശം

111(2909) ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കടകംപള്ളി ഗ്രാമപഞ്ചായത്തിൽ തോപ്പിൽ അറപ്പുര കടയ്ക്കൽ റോഡിൽ പയങ്ങാച്ചിറ കുളക്കരയിൽ വഴിക്ക് തടസ്സമായി നിൽക്കുന്ന പാലമരം മുറിച്ച് മാറ്റുവാൻ സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് കുളത്തിന്റെ ഭാഗം ഉയർത്തിക്കെട്ടണമെന്ന് സർക്കാർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ നടപടികൾ ഏത് ഘട്ടംവരെയായി;

(ഡി) നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണമെന്താണ്; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി പഞ്ചായത്തിന് ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) പഞ്ചായത്തിന്റെ തതു ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly